'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ച നടപടി – സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് –ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 3065/2025/ധന** **തീയതി,തിരുവനന്തപുരം, 25/03/2025**

പരാമർശം :-
1. സ.ഉ (സാധാ) നം.5256/2024/ധന തീയതി: 04/07/2024
2. സ.ഉ. (അച്ചടി)നം.81/2019/ധന തീയതി 09/07/2024
3. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09/07/2024 –ലെ ഡി.കെ.എസ്.എ.1106/എസ്റ്റാ.2/2024 നമ്പർ കത്ത്
4. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 29/07/2024 –ലെ കെ.എസ്.എ.എസ്.എച്ച്.ബി.എ 1/298/2024 നമ്പർ നടപടിക്രമം
5. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16/10/2024 –ലെ ഡി.കെ.എസ്.എ.1106/എസ്റ്റാ.2/2024(4) നമ്പർ കത്ത്
6. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 10/10/2024 –ലെ കെ.എസ്.എ.എസ്.എച്ച്.ബി.എ 1/298/2024 നമ്പർ നടപടിക്രമം
7. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20/12/2024 –ലെ ഡി.കെ.എസ്.എ. 1106/എസ്റ്റാ.2/2024 നമ്പർ കത്ത്
8. സ.ഉ(പി) നം 29/2021/ധന തീയതി: 11/02/2021
9. 22/07/2022 തീയതിയിലെ 61/2022/ധന നമ്പർ സർക്കുലർ

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഒഴിഞ്ഞു കിടന്ന 25 ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ അവശ്യകത കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണെന്ന നിബന്ധനയോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അത്യാവശ്യം സേവനം ആവശ്യമുള്ള, ഒഴിഞ്ഞു കിടക്കുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്കോ പി.എസ്. സി. –യിൽ നിന്നും പുതിയ നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിയമനം നടത്തുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും അപ്രകാരം നിയമനം നടക്കാത്ത സാഹചര്യത്തിൽ, ടി കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റിന്റെ സേവനം അടിയന്തിരമാകയാൽ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 90 ദിവസത്തേക്ക് താത്കാലികനിയമനത്തിന് ഓഡിറ്റ് ഡയറക്ടർ പരാമർശം (3) പ്രകാരം അനുമതി നൽകിയതിനെത്തുടർന്ന് ശ്രീ. ദിലീഫ് ഖാൻ. എ. യെ 11.07.2024 മുതൽ 08.10.2024 വരെ 90 ദിവസത്തേക്ക് പരാമർശം (4) പ്രകാരം നിയമിച്ചിരുന്നു. പ്രസ്തുത സേവനകാലയളവ് അവസാനിച്ച സാഹചര്യത്തിൽ ഓഡിറ്റ് ഡയറക്ടറുടെ അനുമതിക്ക് വിധേയമായി 10.10.2024 മുതൽ 07.01.2025 വരെ വീണ്ടും 90 ദിവസത്തേക്ക് കൂടി പരാമർശം (6) പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ

നിയമിച്ചിരുന്നു. പ്രസ്തുത നിയമനത്തിന് ഓഡിറ്റ് ഡയറക്ടർ പരാമർശം (5) പ്രകാരം അനുമതി നൽകിയിരുന്നു. ടി കാര്യാലയത്തിലെ അടിയന്തിര സാഹചര്യം പരിഗണിച്ച് പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രസ്തുത നിയമനത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം (7) പ്രകാരം ഓഡിറ്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) ഉത്തരവിലെ അനുബന്ധത്തിലെ കാറ്റഗറി-I ൽ ഉൾപ്പെട്ട തസ്തികയാണ് ഓഫീസ് അറ്റൻഡന്റ് തസ്തിക എന്നതിനാലും ഓഡിറ്റ് വകുപ്പിലെ അംഗീകൃത തസ്തികയാണ് ടി തസ്തിക എന്നതിനാലും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് കാര്യാലയത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടക്കാതിരുന്നതിനാൽ അടിയന്തിര സാഹചര്യത്തിൽ ശ്രീ. ദിലീഫ് ഖാൻ. എ. -യെ 11.07.2024 മുതൽ 08.10.2024 വരെ 90 ദിവസത്തേക്കും തുടർന്ന് 10.10.2024 മുതൽ 07.01.2025 വരെ വീണ്ടും 90 ദിവസത്തേക്കും താത്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകികൊണ്ടുള്ള ഓഡിറ്റ് ഡയറക്ടറുടെ യഥാക്രമം പരാമർശം (3) & (5) നടപടി പരാമർശം (9) സർക്കുലർ പ്രകാരം സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം. എസ്റ്റാ.ഡി.1/78/2024/ധന, ഇ 2828825)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ